6/01/22

16/12/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1323(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.11557/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 16**

ശ്രീ. എ.കെ. കരീം,
S/o ശ്രീ. ബഷീർ,
ആല്യാമാക്കാനകത്ത് ഹൗസ്,
പി.ഒ. പൊന്നാനി സൗത്ത്, മുക്കാടി,
മലപ്പുറം - 679 586.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
സബ് ഡിവിഷണൽ പോലീസ് ഓഫീസ്,
ഷൊർണ്ണൂർ, പാലക്കാട്.

2. അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 9.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | - |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 14.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീ. എ.കെ. കരീം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ശ്രീമതി. സുധാമണി ഷൊർണ്ണൂർ ഡിവൈ.എസ്.പി.യ്ക്ക് 20.11.2019,

2.12.2019. 10.2.2020 എന്നീ തീയതികളിൽ നൽകിയ പരാതികളിന്മേൽ സ്വീകരിച്ച നടപടി വിവരം ആരാഞ്ഞ് 21.7.2021-ന് ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ മേൽപ്പടി അപേക്ഷകളിൽ പരാമർശിച്ചതായ വിവരങ്ങൾ തികച്ചും വ്യക്തിപരവും പൊതു താത്പര്യവുമായി ബന്ധമില്ലാത്തതുമാകയാൽ വിവരാവകാശ നിയമം 8 (1) (ജെ) വകുപ്പു പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചതെന്നും തുടർന്ന് ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 14.8.2021-ന് രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീൽ ഹർജിയ്ക്ക് നൽകിയ മറുപടിയിലും 8(1) (ഇ) & (ജെ) എന്നീ വകുപ്പുകൾ പ്രകാരം രേഖകൾ നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് 21.7.2021-ന് ടിയാൻ ഷൊർണ്ണൂർ പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 21.7.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

i. 20.11.2019-നും, 2.12.2019-നും, 10.2.2020-നും ശ്രീമതി. സുധാമണി എന്നവർ ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ സമർപ്പിച്ച പരാതികളിൽ രേഖാമൂലം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടി രേഖകളുടെ പകർപ്പുകൾ നൽകണമെന്നും

ii. മേൽ തീയതികളിൽ സുധാമണി സമർപ്പിച്ച പരാതികളിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 10.9.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപേക്ഷകന് പരാതിക്കാരിയുമായോ, എതിർകക്ഷിയുമായോ യാതൊരുവിധ ബന്ധവും ഇല്ലാത്തതിനാലും പരാതി തികച്ചും വ്യക്തിപരവും പൊതു താത്പര്യവുമായി ബന്ധമില്ലാത്തതായതുകൊണ്ടും വിവരാവകാശ നിയമത്തിലെ 8(1)(ഇ), 8(1)(ജെ) എന്നീ വകുപ്പുകൾ പ്രകാരം വിവരങ്ങൾ കൊടുക്കുവാൻ നിർവ്വാഹമില്ലെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ അപാകത ഇല്ലെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകന് പരാതിക്കാരിയുമായോ, എതിർകക്ഷിയുമായോ യാതൊരുവിധ ബന്ധവും ഇല്ലാത്തതിനാലും പരാതി

രേഖകളും വ്യക്തിപരവും പൊതു താത്പര്യവുമായി ബന്ധമില്ലാത്തതും ആയതിനാലാണ് വിവരാവകാശ നിയമത്തിലെ 8(1)(ഇ), 8(1)(ജെ) എന്നീ വകുപ്പുകൾ പ്രകാരം വിവരങ്ങൾ നൽകാതിരുന്നത് എന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമ പ്രകാരം ശ്രീ. എ.കെ. കരീം ചോദിച്ചിരുന്നത് ഒരു മൂന്നാം കക്ഷി വിവരമായിരുന്നു എന്ന് കാണുന്നു. ഇപ്രകാരം ഒരു മൂന്നാം കക്ഷി വിവരം തേടി അപേക്ഷ ലഭിച്ചാൽ വിവരാവകാശ നിയമം 11 (1) വകുപ്പ് പ്രകാരം ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകി കക്ഷിയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതിൽ കക്ഷിയുടെ സമ്മതം ആവശ്യപ്പെടേണ്ടതും 10 ദിവസത്തിനകം ആയതിന് മറുപടി നൽകണമെന്ന് നിർദ്ദേശിക്കേണ്ടതുമായിരുന്നു. ടി സമയത്തിനുള്ളിൽ ബന്ധപ്പെട്ട കക്ഷിയുടെ മറുപടി ലഭിച്ചിട്ടില്ലായെങ്കിൽ വ്യക്തമായ തീരുമാനം എടുക്കാനുള്ള ഉത്തരവാദിത്വം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടേതാണ്. ശ്രീമതി. സുധാമണിയുടെ നിർദ്ദേശപ്രകാരമാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയിരുന്നത് എങ്കിൽ മേൽ പരാമർശിച്ച പ്രകാരമുള്ള നോട്ടീസിന് അനുകൂലമായ മറുപടി ശ്രീമതി. സുധാമണി ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ കഴിയുമായിരുന്നതുമാണ്. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി ശ്രീമതി. സുധാമണിക്ക് നോട്ടീസ് അയച്ച് 10 ദിവസത്തിനകം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ലഭിക്കുന്ന മറുപടി ഹർജിക്കാരന് വിവരം നൽകുവാൻ അനുകൂലമായിട്ടുള്ളതാണെങ്കിൽ ലഭ്യമായ രേഖകൾ ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk